പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1355 — 15.06.2012-ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് നിലവിൽ വന്നതെന്നാണ്; | (എ) 1/1/11 ലെ സ.ഉ. (പി) നം: 2/11/പൊ.ഭ.വ പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചു. |
| (ബി) ഇതിനായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ; | (ബി) 14/1/2011 ലെ സ.ഉ. (പി) നം: 18/11/പൊ.ഭ.വ പ്രകാരം ഡയറക്ടർ തസ്തിക സൃഷ്ടിച്ചു. 01/01/11 ലെ സ.ഉ. (പി) നം: 2/11/പൊ.ഭ.വ പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകൾ. |

1. അക്കൗണ്ട്സ് ഓഫീസർ -1
2. എൽ. ഡി. ക്ലാർക്ക് -2
3. ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് -1
4. ഡ്രൈവർ ഗ്രേഡ് -II -1
5. പ്യൂൺ -1
6. പാർട്ട് ടൈം സ്വീപ്പർ -1

11/04/12 ലെ സ.ഉ. (കൈ) നം. 75/12/പൊഭവ പ്രകാരം നിലവിലുണ്ടായിരുന്ന അക്കൗണ്ട്സ് ഓഫീസർ തസ്തിക ഫിനാൻസ് ഓഫീസർ തസ്തികയായി ഉയർത്തുകയും താഴെപ്പറയുന്ന അധിക തസ്തികകൾ സൃഷ്ടിയ്ക്കുകയും ചെയ്തു.

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ -1
2. പ്രോജക്ട് ഓഫീസർ -1
3. ഇൻഫർമേഷൻ കം റിസർച്ച് ഓഫീസർ -1
4. ജൂനിയർ സൂപ്രണ്ട് -1
5. ലോവർ ഡിവിഷൻ ക്ലാർക്ക് -2
6. ഡയറക്ടറുടെ സി.എ -1
7. ടൈപ്പിസ്റ്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ -1
8. പ്യൂൺ -2

(സി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) 1/1/11 ലെ സ.ഉ. (പി) നം: 2/11/പൊ.ഭ.വ പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ ഡെപ്യൂട്ടേഷൻ/ റീഡിപ്ലോയ്മെന്റ് മുഖാന്തിരം നിയമിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് പ്രകാരം ഡ്രൈവർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക ഒഴികെ മറ്റെല്ലാ തസ്തികകളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ എംപ്ലോയ്മെന്റ് മുഖാന്തിരം നിയമിച്ചിട്ടുണ്ട്.

സ.ഉ. (കൈ) നം. 75/12/പൊഭവ തീയതി 11/04/12 പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ ഡെപ്യൂട്ടേഷൻ/കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പ്രോജക്ട് ഓഫീസർ തസ്തികകളിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്. . മറ്റു തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) നിലവിൽ ന്യൂനപക്ഷ ജന വിഭാഗങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കുമോ ?

(ഡി) ന്യൂനപക്ഷ ക്ഷേമത്തിനായി സ്വീകരിച്ചു വരുന്ന പദ്ധതികൾ

1. ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയായി തെരഞ്ഞെടുക്കപ്പെട്ട വയനാടിൽ നടപ്പാക്കുന്ന മൾട്ടിസെക്ടറൽ ഡവലപ്മെന്റ് പ്ലാൻ (MSDP).
2. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപ്പന്റ്.
3. മദ്രസാദ്ധ്യാപക ക്ഷേമനിധി.
4. മുസ്ലീം യുവജനതയ്ക്കായുള്ള കോച്ചിംഗ് സെന്ററുകൾ.

കൂടാതെ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ന്യൂനപക്ഷ സ്ത്രീ ശാക്തീകരണത്തിനായി കുടുംബശ്രീ മാതൃകയിൽ സ്വയം സഹായ സംഘങ്ങൾ, മൊഴിചൊല്ലപ്പെട്ട വനിതകൾക്കുള്ള ഭവന പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃതമായ 50 ബ്ലോക്കുകളിലേക്ക് എം.എസ്.ഡി.പി പദ്ധതി വ്യാപിപ്പിക്കൽ, പ്രീ മാരിറ്റൽ കൗൺസലിംഗ്, സിവിൽ സർവീസ് അക്കാദമി പോലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഫീസ് - റീഇംബേഴ്സ്മെന്റ്, ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിപാടി തുടങ്ങിയ പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.